"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന "ചങ്ങരോത്ത് ഫെസ്റ്റ്" എന്ന പ്രോജക്ടിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2262/2025/LSGD തീയതി,തിരുവനന്തപുരം, 19-09-2025

---

പരാമർശം:- 1. ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17/07/2025-ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 21/08/2025-ലെ യോഗതീരുമാനം നമ്പർ 4.39.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് ടൂറിസം സാധ്യതകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ചങ്ങരോത്ത് ഫെസ്റ്റ് നടത്താനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാംസ്കാരിക ഘോഷയാത്ര, സംവാദങ്ങൾ, തുറന്ന ചർച്ചാവേദികൾ, പ്രശസ്തർ കാഴ്ചവക്കുന്ന കലാവിരുന്നുകൾ, നാടോടി കലാരൂപങ്ങൾ, കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണന മേള മുതലായവയാണ് ഫെസ്റ്റിലൂടെ നടപ്പാക്കുന്നത്. അഞ്ച് ലക്ഷം രൂപയോളം സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുമെന്ന് അറിയിച്ചിട്ടുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നല്കണമെന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (1)-ലെ അപേക്ഷ പരാമർശം (2) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ പരിശോധിച്ചു.

അതിന്റെ അടിസ്ഥാനത്തിൽ സ്റ്റാളുകളും മറ്റും നല്കുമ്പോൾ വാടക ലഭിക്കാനുള്ള സാധ്യത തേടേണ്ടതാണെന്നും, സ്പോൺസർഷിപ്പിലൂടെയും തുക കണ്ടെത്തണമെന്നുമുള്ള നിബന്ധനകളോടെ മേൽ പദ്ധതി നടപ്പാക്കാൻ അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

പ്രസിഡന്റ്/സെക്രട്ടറി, ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് കോഴിക്കോട് ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (3264332).

ഉത്തരവിൻ പ്രകാരം,

Signed by

Viraj K

Date: 20-09-2025 11:02:37

സെക്ഷൻ ഓഫീസർ